## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

മൊബൈൽ ടവറുകൾ സൃഷ്ടിക്കുന്ന ആരോഗ്യപ്രശ്നങ്ങൾ

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം.*296.** 12.12.14 - **ൽ മറുപടി നൽ കേണ്ടത്**

| | ചോദ്യം<br>ശ്രീ.കെ. ദാസൻ<br>,, ബാബു എം. പാലിശ്ശേരി<br>,, കെ.കെ.നാരായണൻ<br>,, വി.ശിവൻകുട്ടി | | ഉത്തരം<br>ശ്രീ.മഞ്ഞളാംകുഴി അലി,<br>നഗരകാര്യവും ന്യൂനപക്ഷക്ഷേമവും<br>വകുപ്പുമന്ത്രി |
|---|---|---|---|
| (എ) | ആളുകൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിൽ മൊബൈൽ ടവറുകൾ സ്ഥാപിക്കുന്നതുവഴി ആന്റിനകളിൽ നിന്നുള്ള റേഡിയേഷൻ സൃഷ്ടിക്കുന്ന ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ സംബന്ധിച്ച് അറിയാമോ; | | നോൺ അയണയിസിങ് വിഭാഗത്തിൽ പ്പെട്ട മൈക്രോവേവ് ആണ് മൊബൈൽ ഫോണിൽ നിന്നും മൊബൈൽ ടവറിൽ നിന്നും പുറപ്പെടുവിക്കുന്നത്. ഈ തരംഗങ്ങൾ ശരീരത്തിലെ കോശങ്ങളെ ചെറിയ തോതിൽ സ്ഥിരമായി ചൂടാക്കിക്കൊണ്ടിരിക്കുന്നതിനാൽ ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകാൻ സാധ്യതയുണ്ട്.പക്ഷെ ഇത് ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടില്ല. മൊബൈൽ ടവറുകൾ സ്ഥാപിക്കുന്നതിനും അതിൽ ഉറപ്പിച്ചിരിക്കുന്ന ആൻറിന (ട്രാൻ പോണ്ടർ)യുടെ എണ്ണം, സ്ഥാനം, ദിശ, ഉയരം, ആവൃത്തി, ഊർജ്ജം എന്നിവയുടെ കാര്യങ്ങളിൽ ശക്തമായ നിയന്ത്രണം ഏർ പ്പെടുത്തേണ്ടതായിട്ടുണ്ട്. ഈ മൈക്രോവേവ് റേഡിയേഷന് ശക്തമായ സുരക്ഷാ സംവിധാനങ്ങളും, നിരന്തരമായ സുരക്ഷാ നിയന്ത്രണ പരിശോധനകളും DOT റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ |

| | | | |
|---|---|---|---|
| | | | ഏർ പ്പെടുത്തേണ്ടതായിട്ടുണ്ട്. |
| (ബി) | മൊബൈൽ ടവറുകൾ നിർമ്മിക്കുന്ന ടെലികോം കമ്പനികളെ നിയന്ത്രിക്കുന്നതിന് തദ്ദേശ സ്ഥാപനങ്ങൾക്ക് നിലവിൽ അധികാരം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന് നടപടി സ്വീകരിക്കുമോ; | | കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ അദ്ധ്യായംXIX, കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ അദ്ധ്യായം XX എന്നിവയിലെ മൊബൈൽ ടവറുകൾ ഉൾ പ്പെടുന്ന ടെലികമ്മ്യൂണിക്കേഷൻ ടവറുകളുമായി ബന്ധപ്പെട്ട പ്രത്യേക വ്യവസ്ഥകൾ പ്രതിപാദിക്കുന്നുണ്ട്. ടി ചട്ടങ്ങളിലെ ബന്ധപ്പെട്ട വ്യവസ്ഥകൾ പാലിക്കുന്ന ടവറുകൾക്ക് മാത്രമേ ബന്ധപ്പെട്ട തദ്ദേശസ്വയം ഭരണ സെക്രട്ടറിമാർ പെർമിറ്റ് നൽകുവാൽ പാടുള്ളൂ. മൊബൈൽ ടവറുകൾ നിർമ്മിക്കുന്ന ടെലികോം കമ്പനികളെ നിയന്ത്രിക്കുന്നതിന് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് നിലവിൽ അധികാരമില്ല. |
| (സി) | ജനവാസകേന്ദ്രങ്ങളിൽ സ്ഥാപിക്കപ്പെട്ട ഇത്തരം ടവറുകളുടെ കാര്യത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ? | | ടവർ നിർമ്മാണത്തിന് പെർമിറ്റ് നൽകുന്നതുമായി ബന്ധപ്പെട്ട് സർക്കാർ കാലാകാലങ്ങളിൽ മാർഗ്ഗനിർ ദ്ദേശങ്ങൾ പുറപ്പെടുവിക്കാറുണ്ട്. ഇത് സംബന്ധിച്ച് 16-5-11-ൽ പുറപ്പെടുവിച്ച 25070/ആർ.ഡി3/11/ത.സ്വ.ഭ നമ്പർ സർക്കുലറിൽ ടവർ നിർമ്മാണത്തിനെതിരെ പരിസരവാസികൾക്ക് പരാതിയുള്ള പക്ഷം ഭരണസമിതിയുടെ നേതൃത്വത്തിൽ ടവർ നിർമ്മാതാക്കളെയും നിർദ്ദിഷ്ട ടവറിന്റെ 100 മീറ്റർ ചുറ്റളവിൽ താമസിക്കുന്ന പരാതിക്കാരെയും പങ്കെടുപ്പിച്ച് ചർച്ച നടത്തി പരിഹാരം കാണേണ്ടതും ആവശ്യമെങ്കിൽ അനുയോജ്യമായ മറ്റൊരുസ്ഥലം കണ്ടെത്തേണ്ടതുമാണെന്ന് നിർ ദ്ദേശിച്ചിട്ടുണ്ട്. മൊബൈൽ ടവർ |

| | | | |
|---|---|---|---|
| | | | നിർമ്മാണം/പ്രവർത്തനം/അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച പരാതികൾ പരിഗണിക്കുന്നതിനായി ഓരോ ജില്ലയിലും ഒരു ഡിസ്ട്രിക്റ്റ് ടെലികോം കമ്മിറ്റിയും സംസ്ഥാനത്ത് ഒരു സ്റ്റേറ്റ് ടെലികോം കമ്മിറ്റിയും 5-11-14-ലെ GO (Ms) No.31/14/ITD ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുണ്ട്.<br>മൊബൈൽ ടവർ റേഡിയേഷൻ സംബന്ധിച്ച വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനായി Telecom Enforcement Resource & Monitoring (TERM) - Kerala എന്ന കേന്ദ്ര സർക്കാർ സ്ഥാപനം കേരളത്തിൽ കൊച്ചി അടിസ്ഥാനമാക്കി പ്രവർത്തിച്ചു വരുന്നു. മൊബൈൽ ടവറിൽ നിന്നുള്ള റേഡിയേഷൻ നിശ്ചിത പരിധിയിലാണെന്ന് പരിശോധിച്ചു ഉറപ്പ് വരുത്തുന്ന ചുമതലയാണ് (TERM) - Kerala -യിൽ നിക്ഷിപ്തമായിട്ടുള്ളത്.<br>മൊബൈൽ ടവറിൽ നിന്നും ഉണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾ നിയന്ത്രിക്കുന്നതിനുള്ള (നോൺ അയനൊസിങ് റേഡിയേഷൻ) അധികാരം റേഡിയേഷൻ സുരക്ഷാ വിഭാഗത്തിന് നൽകിയിട്ടില്ല. മൊബൈൽ ടവറുകൾ സ്ഥാപിക്കുന്നതിനും അതിൽ ഉറപ്പിച്ചിരുന്ന ആൻറിന (ട്രാൻ പോണ്ടർ)യുടെ എണ്ണം, സ്ഥാനം, ദിശ, ഉയരം, ആവൃത്തി, ഊർജ്ജം എന്നിവയുടെ കാര്യങ്ങളിൽ ശക്തമായ നിയന്ത്രണം ഏർ പ്പെടുത്തുന്നകാര്യം ആലോചിക്കാവുന്നതാണ്. ണ്ടതായിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ഉയരം, ആവൃത്തി, ഊർജ്ജം എന്നിവയുടെ കാര്യങ്ങളിൽ ശക്തമായ നിയന്ത്രണം ഏർപ്പെടുത്തുന്ന കാര്യം ആലോചിക്കാവുന്നതാണ്. |

Rajeev

സെക്ഷൻ ഓഫീസർ